## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3139 13.10.2011 ൽ മറുപടിയ്ക്ക്

### 'ആഫ്രിക്കൻ ഒച്ചിന്റെ വ്യാപനം'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പത്തു ജില്ലകളിൽ പലയിടങ്ങളിലായി 'ആഫ്രിക്കൻ ഒച്ചിനെ' കാണുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേരളത്തിലെ വിവിധ ജില്ലകളിലായി 29 സ്ഥലങ്ങളിൽ ആഫ്രിക്കൻ ഒച്ചിനെ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) വൻകെട്ടിടങ്ങളും വടവൃക്ഷങ്ങളും തകർക്കാൻ കഴിയുന്ന മാരകശേഷിയുള്ള ഈ 'ഒച്ചു' കളുടെ വ്യാപനം. അത്യന്തം ആപൽക്കരമാണെന്നത് മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) വ്യാപനം മനസ്സിലാക്കപ്പെട്ടിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് ആധികാരിക പഠനം നടത്തുന്നതിന് തയ്യാറാകാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br>(ഡി) ഏതെങ്കിലും സ്വതന്ത്ര ഏജൻസി ഇതു സംബന്ധമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ റിപ്പോർട്ട് ലഭ്യമാക്കുമോ? | (സി) & (ഡി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള വനഗവേഷണ സ്ഥാപനത്തിൽ ഇതിനെക്കുറിച്ച് ആധികാരികമായി പഠനം നടക്കുന്നുണ്ട്. കേരളത്തിൽ 29 സ്ഥലങ്ങളിലാണ് ഒച്ചിനെ കൂടുതലായി കണ്ടിട്ടുള്ളത്. ഇവിടെയെല്ലാം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിവരം ധരിപ്പിക്കുകയും, പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുമുണ്ട്. പഠനം തുടർന്നുകൊണ്ടിരിക്കുകയാണ് |

സെക്ഷൻ ഓഫീസർ